**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2531** **23-02-2026 - ൽ മറുപടിയ്ക്ക്**

**ക്വാറി, ക്രഷർ മേഖലയിലെ നിയന്ത്രണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ക്വാറി, ക്രഷർ മേഖലയിൽ നിലവിലുള്ള നിയന്ത്രണങ്ങൾ നിർമ്മാണ മേഖലയെയും വിവിധ റോഡ് പണികളെയും തടസ്സപ്പെടുത്തുന്ന സാഹചര്യത്തിൽ ഇതിനെ മറികടക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | ക്വാറി, ക്രഷർ മേഖലയിൽ സർക്കാർ പുതിയ നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്ന ചില വ്യവഹാരങ്ങൾ ബഹു. കോടതിയുടെ പരിഗണനയിൽ ഉള്ളതും അവയിൽ തന്നെ ചിലതിൽ ലഭിച്ച വിധിന്യായങ്ങളും, മൈൻ ലൈഫും പ്രൊജക്ട് ലൈഫും രണ്ടാണെന്നുള്ള ബഹു.കോടതിയുടെ നിർദ്ദേശം, ജില്ലാ തല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിട്ടി അനുവദിച്ച പാരിസ്ഥിതികാനുമതി സംസ്ഥാന അതോറിറ്റി റീ-അപ്രൈസൽ ചെയ്യണമെന്നുള്ള കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയ നിർദ്ദേശം മുതലായവ ക്വാറികളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. അതുപോലെ ക്വാറിയിംഗ് ലീസിനുള്ള അപേക്ഷകളിൽ വകുപ്പ് ഇതിനോടകം ലെറ്റർ ഓഫ് ഇന്റന്റ് അനുവദിച്ച 444 അപേക്ഷകളിൽ പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ, ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് കാലാനുസൃതമായി പരിഷ്കരിക്കണമെന്നുള്ള ബഹു. ഹൈക്കോടതിയുടെ നിരീക്ഷണത്തെ തുടർന്ന് പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് അതാത് ജില്ലകളിൽ തയ്യാറാക്കുന്നതിനായുള്ള വിദഗ്ധസേവനം വകുപ്പിൽ നിന്നും നൽകിയിട്ടുള്ളതും ആയതനുസരിച്ച് റിപ്പോർട്ട് തയ്യാറാക്കൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ലാൻഡ്സ്ലൈഡ് സസപ്റ്റബിലിറ്റി സംബന്ധിച്ച് അടുത്ത കാലത്ത് പുറത്തിറങ്ങിയ ഹസാഡ് സോണേഷൻ മാപ്പ് പ്രകാരമുള്ള ചില സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ വിവിധ വകുപ്പുകളെ യോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. ക്വാറി ക്രഷർ മേഖലയിലെ വിഷയങ്ങൾ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകനം നടത്തി തുടർ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ